# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ : CS 2/50001/2018-KPSC തിരുവനന്തപുരം,

തീയതി : ...../02/2019

## തിരുത്തൽ വിജ്ഞാപനം

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിൽ ഡെപ്യൂട്ടി ജനറൽ മാനേജർ (ജനറൽ വിഭാഗം - ഒന്നാം എൻ.സി.എ. ഈഴവ & എസ്.സി. ) തസ്തികയുടെ തെരഞ്ഞെടുപ്പിനായി 340/2018, 341/2018 എന്നീ കാറ്റഗറി നമ്പറുകളിലായി 29/12/2018-ലെ അസാധാരണ ഗസ്റ്റിൽ പ്രസിദ്ധീകരിച്ചിരുന്ന വിജ്ഞാപനത്തിന്റെ യോഗ്യത, താഴെ പറയും പ്രകാരം തിരുത്തി വായിക്കേണ്ടതാണ്.

1 ) ബിസിനസ് അഡ്മിനിസ്ട്രേഷനിൽ മാസ്റ്റർ ബിരുദം അല്ലെങ്കിൽ ബാങ്കിംഗ്/ഫിനാൻസ് മെയിൻ വിഷയമായി പഠിച്ച തത്തുല്യ യോഗ്യത

**അല്ലെങ്കിൽ**

സംസ്ഥാനത്തിലെ സർവകലാശാലകൾ അംഗീകരിച്ച M.Com ബിരുദാനന്തര ബിരുദം.

**അല്ലെങ്കിൽ**

കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ നിന്നും എം.എസ്.സി. (ബാങ്കിംഗ് & കോ-ഓപ്പറേഷനിലുള്ള) ബിരുദാനന്തര ബിരുദം.

**അല്ലെങ്കിൽ**

ഇന്ത്യയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടൻസിൽ മെമ്പർഷിപ്പ്.

2) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്/കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ ആന്റ് റൂറൽ ഡവലപ്മെന്റ് ബാങ്ക്/ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്/ക്ലാസ് വൺ സൂപ്പർ ഗ്രേഡ് അല്ലെങ്കിൽ ക്ലാസ് വൺ സ്പെഷ്യൽ ഗ്രേഡ് പ്രൈമറി അഗ്രികൾച്ചറൽ ക്രഡിറ്റ് സൊസൈറ്റികൾ/പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡെവലപ്മെന്റ് ബാങ്ക്/നാഷണലൈസ്ഡ് ബാങ്കുകൾ/ഷെഡ്യൂൾഡ് ബാങ്കുകൾ/ഗവൺമെന്റ് അല്ലെങ്കിൽ അർദ്ധ ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവയിൽ മാനേജേരിയൽ/സൂപ്പർവൈസറി കേഡറിൽ 5 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം.

മേൽപ്പറഞ്ഞ യോഗ്യതയുടെ അഭാവത്തിൽ മാതൃവിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരിക്കുന്ന താഴെ പറയുന്ന യോഗ്യതയുള്ളവരെയും പരിഗണിക്കുന്നതാണ്.

1 ) ബിസിനസ് അഡ്മിനിസ്ട്രേഷനിൽ മാസ്റ്റർ ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും ലഭിച്ച തത്തുല്യയോഗ്യത.

**അല്ലെങ്കിൽ**

ഇന്ത്യയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സിൽ മെമ്പർഷിപ്പ്.

**അല്ലെങ്കിൽ**

ഇന്ത്യയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് ആൻഡ് വർക്ക്സ് അക്കൗണ്ട്സിൽ മെമ്പർഷിപ്പ്.

2) കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂഷൻ/ഷെഡ്യൂൾഡ് ബാങ്കുകൾ/ഗവൺമെന്റ്/ ക്വാസി ഗവൺമെന്റ്/പബ്ലിക് ലിമിറ്റഡ് കമ്പനികൾ എന്നീ സ്ഥാപനങ്ങളിൽ എവിടെയെങ്കിലും മാനേജീരിയൽ/സൂപ്പർവൈസറി കേഡറിൽ മൂന്ന് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.

കാറ്റഗറി നമ്പർ 340/2018 പ്രകാരമുള്ള വിജ്ഞാപനത്തിൽ **"ഈഴവ"** എന്നത് **"ഈഴവ/ബില്ലവ/തിയ്യ"** എന്നും തിരുത്തി വായിക്കേണ്ടതാണ്.

29/12/2018 തീയതിയിലെ ടി തസ്തികകളുടെ വിജ്ഞാപനം മുകളിൽ പറഞ്ഞ രീതിയിൽ മാറ്റം വരുത്തിയിരിക്കുന്നു. ഗസറ്റ് വിജ്ഞാപനത്തിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല.

(ഉത്തരവിൻ പ്രകാരം)

**സാജു ജോർജ്ജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**